# പതിമൂന്നാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം : 798** **24.7.2012 ൽ മറുപടിയ്ക്ക്**

**റിന്യൂവബിൾ എനർജി സ്രോതസ്സുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>,, എം. പി. അബ്ദുസ്സമദ് സമദാനി<br>,, കെ. എം. ഷാജി<br>,, വി. എം. ഉമ്മർ മാസ്റ്റർ | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) |
| (എ) റിന്യൂവബിൾ എനർജി സ്രോതസ്സുകളെ സംബന്ധിച്ച വിവരശേഖരണത്തിനും, പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുമുള്ള സംസ്ഥാനതല ചുമതല വഹിക്കുന്നത് ഏതെല്ലാം ഏജൻസികളാണെന്ന് വ്യക്തമാക്കുമോ; | (എ) ഇത് സംബന്ധിച്ച സംസ്ഥാന ഏജൻസി, ഊർജ്ജ വകുപ്പിന്റെ കീഴിലുള്ള അനെർട്ട് എന്ന സ്ഥാപനമാണ്. |
| (ബി) പ്രസ്തുത ഏജൻസികൾ ഇക്കാര്യത്തിൽ ശേഖരിച്ച വിവരങ്ങളിൽ നിന്നുള്ള പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തുന്നതിന് അനെർട്ട് കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിന്റെ കീഴിൽ ചെന്നൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന Centre for Wind Energy Technology എന്ന സ്ഥാപനത്തിന്റെ സഹായത്തോടെയാണ് പഠനം നടത്തുന്നത്. കേരളത്തിൽ ഇതുവരെ 26 സ്ഥലങ്ങളുടെ പഠനം പൂർത്തിയായിട്ടുണ്ട്. 2 സ്ഥലങ്ങളിൽ പഠനം നടന്നുവരുന്നു.ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു. ഇതുവരെ പഠനം പൂർത്തിയാക്കിയ 26 സ്ഥലങ്ങളിൽ പാലക്കാട്, ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽപ്പെടുന്ന 17 സ്ഥലങ്ങൾ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലങ്ങളുടെ വിശദാംശം അനുബന്ധം 2 ൽ കൊടുത്തിട്ടുണ്ട്.<br><br>കൂടാതെ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രാരംഭ സാധ്യതാ പഠനം അനെർട്ട് നടത്തിയിട്ടുണ്ട്. ഈ പഠനത്തിൽ ഇത്തരം പദ്ധതിക്ക് അനുയോജ്യമായ 867 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള സൈറ്റുകളുടെ എണ്ണം അനുബന്ധം 3 ആയി ചേർക്കുന്നു. |

ഈ പദ്ധതിയിൽ നിന്നും 330 MW വൈദ്യുതി ഉൽപ്പാദിപ്പിക്കാമെന്ന് പ്രാരംഭ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(സി) പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഏതൊക്കെ പദ്ധതികൾക്ക് രൂപം നല്കിയിട്ടുണ്ടെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്നും വെളിപ്പെടുത്തുമോ?

(സി) അനെർട്ട് ഈ രംഗത്ത് നടത്തിയ പഠനത്തിന്റെ വെളിച്ചത്തിൽ ഇതുവരെ 34.875 MW സ്ഥാപിതശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിച്ചിട്ടുണ്ട് (അനുബന്ധം 2) ഇതിൽ 32.85 MW സ്വകാര്യമേഖലയിലാണ് സ്ഥാപിച്ചിട്ടുള്ളത്. ഇത്തരത്തിൽ കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക അനുമതി നൽകുന്നത് അനെർട്ടാണ്.

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് KINFRA textile park - ൽ Gujarat Fluro Chemicals എന്ന കമ്പനിക്ക് അനുവദിച്ച 22 MW ശേഷിയുള്ളകാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക അനുമതി പ്രസ്തുത കമ്പനിയുടെ സബ്സിഡിയറി ആയ Inox Renewables എന്ന കമ്പനിക്ക് നൽകിയിട്ടുണ്ട്.

NTPC -ടെ ആഭിമുഖ്യത്തിൽ അനെർട്ടിന്റെ സഹകരണത്തോടെ കാറ്റാടിപ്പാടങ്ങൾ വഴി 200 MW വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ധാരണാപത്രം ഗവൺമെന്റ് ഒപ്പിട്ടുണ്ട്.

കൂടാതെ അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ പരുന്തുംപാറ എന്ന സ്ഥലത്ത് കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുള്ള പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്.

സെക്ഷൻഓഫീസർ

Annexure 1

List of sites where wind monitoring study completed

| No | Name of site | District |
|---|---|---|
| 1 | Gopalapuram | Palakkad |
| 2 | Kailasamedu | Idukki |
| 3 | Kanjikode | Palakkad |
| 4 | Kolahalamedu | Idukki |
| 5 | Kotamala | Palakkad |
| 6 | Kottathara | Palakkad |
| 7 | Kulathumedu | Idukki |
| 8 | Kundaly | Idukki |
| 9 | Kuttikkanam | Idukki |
| 10 | Nallasingam | Palakkad |
| 11 | Neendakara | Kollam |
| 12 | Ozhalapathy | Palakkad |
| 13 | Panchalimedu | Idukki |
| 14 | Parampukettimedu | Idukki |
| 15 | Pasavadigomba | Kasargod |
| 16 | Ponmudi | Thiruvananthapuram |
| 17 | Pullikkanam | Idukki |
| 18 | Pushpagiri | Idukki |
| 19 | Ramakkalmedu | Idukki |
| 20 | Sakkulathumedu | Idukki |
| 21 | Senapathi | Idukki |
| 22 | Tolannur | Palakkad |
| 23 | Vedikkuzhy | Idukki |
| 24 | Vizhinjam | Thiruvananthapuram |
| 25 | Chadayangulay | Palakkad |
| 26 | Talapoya | wayanad |

List of sites where wind monitoring study is going on

| No | Name of site | District |
|---|---|---|
| 1 | Kanjikkode | Palakkad |
| 2 | Vandiperiyar | Idukki |

Section Officer

Annexure 2
List of Wind Potential sites in Kerala

| Sl. No. | Station | District | Taluk | Annual Mean wind Speed(kmph) | | Annual Mean Wind Power Density($w/m^2$) | |
|---|---|---|---|---|---|---|---|
| | | | | At 20 m | At 50 m | At 20 m | At 50 m |
| 1. | Kailasamedu | Idukki | Udumbanchola | 23.20 | 24.50 | 251 | 300 |
| 2. | Kanjicode | Palakkad | Palakkad | 22.60 | 23.70 | 218 | 249 |
| 3 | Kolahalamedu | Idukki | Pirmed | 16.90 | 17.80 | 146 | 174 |
| 4 | Kotamala | Palakkad | Alattur | 19.20 | 20.50 | 154 | 187 |
| 5 | Kottathara | Palakkad | Mannarkkad | 19.70 | 20.70 | 207 | 243 |
| 6 | Kulathummedu | Idukki | Udumbanchola | 19.09 | 22.02 | 180 | 239 |
| 7 | Kuttikanam | Idukki | Pirmed | 16.50 | 18.00 | 140 | 181 |
| 8 | Nallasingam | Palakkad | Mannarkkad | 22.90 | 24.10 | 324 | 377 |
| 9 | Panchalimedu | Idukki | Primedu | 20.20 | 20.90 | 258 | 285 |
| 10 | Parampukettimedu | Idukki | Udumbanchola | 26.40 | 28.40 | 447 | 525 |
| 11 | Ponmudi | Trivandrum | Nedumangad | 18.50 | 18.70 | 216 | 220 |
| 12 | Pullikanam | Idukki | Primed | 18.20 | 18.50 | 178 | 187 |
| 13 | Ramakalmedu | Idukki | Udumbanchola | 29.70 | 29.70 | 532 | 534 |
| 14 | Senapathi | Idukki | Udumbanchola | 19.30 | 20.70 | 192 | 233 |
| 15 | Sakkulathumedu | Idukki | Udumbanchola | 28.55 | 28.63 | 531 | 533 |
| 16 | Tolanur | Palakkad | Alathur | 15.70 | 17.20 | 115 | 157 |
| 17 | Pushpagiri(50 m mast) | Idukki | Udumpanchola | | 21.70 | | 223 |

List of Wind Farms in Kerala

| No | Name of Site | District | Installed capacity MW | Ownership |
|---|---|---|---|---|
| 1 | Kanjillode | Palakkad | 2.025 | KSEB |
| 2 | Attappady | Palakkad | 18.60 | IPP |
| 3 | Ramakkalmedu | Idukki | 14.25 | IPP |

[signature]
Section Officer.

**അനുബന്ധം 3** ANNRXURE-3

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | — | 49 |
| 2. | കൊല്ലം | — | 31 |
| 3. | പത്തനംതിട്ട | — | 39 |
| 4 | കോട്ടയം | — | 32 |
| 5. | ഇടുക്കി | — | 262 |
| 6. | എറണാകുളം | — | 23 |
| 7. | തൃശ്ശൂർ | — | 42 |
| 8. | പാലക്കാട് | — | 48 |
| 9. | മലപ്പുറം | — | 59 |
| 10. | കോഴിക്കോട് | — | 53 |
| 11. | വയനാട് | — | 48 |
| 12. | കണ്ണൂർ | — | 88 |
| 13. | കാസർഗോഡ് | — | 93 |
| | ആകെ | | 867 |

Section Officer